പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5225 — 24.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർ

**ചോദ്യം** — **ഉത്തരം**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി. സി. ജോർജ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ നൽകിവരുന്നത് കെ.എസ്.ആർ.ടി.സി. യുടെ സ്വന്തം അക്കൗണ്ടിൽ നിന്നാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ വരുമാനവും, ചെലവും തമ്മിൽ ഗണ്യമായ അന്തരമുണ്ട്. ഈ അന്തരം നികത്തിപ്പോരുന്നത് ധനകാര്യ സ്ഥാപനത്തിൽ നിന്ന് ലോൺ എടുത്തും സർക്കാർ ധനസഹായം ലഭിച്ചുമാണ്. നിലവിൽ പെൻഷൻ നൽകുന്നതിന് പ്രതിമാസം 28 കോടി രൂപ വേണ്ടിവരുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ കിട്ടുന്ന മുറയ്ക്കും, സർക്കാർ ധനസഹായം നൽകുന്ന മുറയ്ക്കുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്. വായ്പ ലഭിക്കാൻ ഉണ്ടാകുന്ന കാലതാമസം മൂലമാണ് പെൻഷൻ വിതരണത്തിൽ കാലതാമസം നേരിടുന്നത്. എന്നാൽ 2011 ആഗസ്റ്റ് മാസം മുതൽ 5-ാം തീയതിക്ക് മുമ്പായി പെൻഷൻ വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ സർക്കാർ ഏറ്റെടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി. യിലെ ജീവനക്കാർക്കും പെൻഷൻ കാർക്കും സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ? | (സി) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ 28% D.A/D.R കുടിശ്ശികയുണ്ട്. മൊത്തം കുടിശ്ശികയുണ്ടായിരുന്ന 42%-ൽ 14% D.A/D.R ജീവനക്കാർക്ക് 2011 സെപ്റ്റംബർ മുതലും, പെൻഷൻകാർക്ക് ഒക്ടോബർ മുതലും നൽകിത്തുടങ്ങി. പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി ബഹു. സുപ്രീം കൊടതിയുടെ ഉത്തരവ് പ്രകാരം പ്രതിദിന വരുമാനത്തിന്റെ 10% നീക്കിവെക്കുന്നുണ്ട്. നിലവിൽ 2011 മാർച്ച് വരെ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി തുടങ്ങിയിട്ടുണ്ട്. 2012 ജനുവരിയോടുകൂടി നാളിതുവരെ വിരമിച്ച മൊത്തം ജീവനക്കാർക്കും, പെൻഷൻ ആനുകൂല്യങ്ങൾ നൽകി തീർക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ